Draft #6 of File 25023/AC B5-2/2024/AC B 5 Approved by ASSISTANT REGISTRAR II (ACADEMIC) on 23-Sep-2024 02:47 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

CAS സ്ഥാനക്കയറ്റം - സ്ഥാനക്കയറ്റതീയതി പുനഃക്രമീകരിക്കുന്നതിന് വീണ്ടും സ്ക്രീനിംഗ് /സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 5 സെക്ഷൻ**

നമ്പർ. 8556/AC B 5/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.09.2024

---

*പരാമർശം:*-1.14.05.2024 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ ഒ. എ. 32/24.03/205023/AcB5-2/2024 പ്രകാരമുള്ള തീരുമാനം.

2. 06.06.2024 തീയതിയിൽ യു ജി സി സെക്രട്ടറിയ്ക്ക് അയച്ച 25023/AcB5-2/2024/AcB5 നമ്പർ കത്ത് .

3.16.07.2024 തീയതിയിൽ യു ജി സി യിൽ നിന്നുമുള്ള F.No. 5-54/2024(PS) നമ്പർ കത്ത്.

4. 23.08.2024 ലെ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - അപ്പ്രൂവൽ - ന്റെ മിനിട്സ് ഇനം നമ്പർ 25023/AcB5-2/2024 നമ്പർ യോഗനടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

ഇതിനകം തന്നെ സ്ഥാനക്കയറ്റം അംഗീകരിച്ച് നൽകിയ അദ്ധ്യാപകർക്ക്, UGC Regulation 2018, III Amendment clause 6.3 VIII - ന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റ തീയതി പുനഃക്രമീകരിക്കുന്നതിനായി പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനും പ്രമോഷൻ തീയതി പുനഃനിർണയിച്ച് അംഗീകരിച്ച് നൽകുന്നതിനായി നിരവധി അപേക്ഷകൾ സർവകലാശാലക്ക് ലഭിച്ചിരുന്നു. കൂടാതെ ടി വിഷയത്തിൽ AKPCTA മേഖല സെക്രട്ടറിയും സർവകലാശാലക്ക് കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റ തീയതി പുനഃക്രമീകരിക്കുന്നതിനായി സ്ക്രീനിംഗ് / സെലെക്ഷൻ കമ്മിറ്റി വീണ്ടും കൂടുന്നത് സംബന്ധിച്ച വിഷയത്തിൽ യു.ജി.സി. യിൽ നിന്നും സ്പഷ്ടീകരണം തേടുന്നതിന് 14.05.2024 തീയതിയിലെ സിൻഡിക്കേറ്റ് യോഗം പരാമർശം (1) തീരുമാനിച്ചിരുന്നു.

തദനുസരണം ടി വിഷയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് സർവകലാ ശാല യുജിസിയിലേക്ക് പരാമർശം (2) പ്രകാരം കത്ത് നൽകിയിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം യുജിസിയിൽ നിന്നും ലഭിച്ച സ്പഷ്ടീകരണം ചുവടെ സൂചിപ്പിക്കുന്നു.

Clause 6.3 VIII of UGC Regulations 2018, (III Amendment) 2023 clarifies that wherever the requirement of Orientation Course (OC)/ Refresher Course (RC) has remained incomplete, the promotions would not be held up, but these requirements should be fulfilled by 31.12.2023 or as notified by the Commission from time to time. Candidates who completed the OC/RC upto 31.12.2023 and fulfilled all other eligibility criteria required for promotion at the time of submission of the application form would be eligible for promotion from their due date of eligibility. The

University may constitute screening/selection committee in the above mentioned context.

ആയത് പരിഗണിച്ച്, CAS സ്ഥാനക്കയറ്റ തീയതി പുനഃക്രമീകരിക്കുന്നതിനായി സ്ക്രീനിംഗ്/സെലക്ഷൻ കമ്മിറ്റി വീണ്ടും കൂടുന്നത് സംബന്ധിച്ച വിഷയത്തിൽ യു ജി സി യിൽ നിന്ന് F.No. 5-54/2024(PS) dated 16.07.2024 നമ്പർ കത്ത് പ്രകാരം ലഭിച്ച സ്പഷ്ടീകരണം സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് 23.08.2024 ൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - അപ്പ്രൂവൽ പരാമർശം (4) പ്രകാരം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
2. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കോട്ടയം
3. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, എറണാകുളം.
4. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
5. രജിസ്ട്രാറുടെ പി.എ.
6. എ.സി.സി. 1/ 2
7. ആക്ഷൻ ടേക്കൺ റിപ്പോർട്ട്
8. പി.ആർ.ഒ.സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്
9. റെക്കോർഡ്സ്

Draft #6 of File 25023/AC B5-2/2024/AC B 5 Approved by ASSISTANT REGISTRAR II (ACADEMIC) on 23-Sep-2024 02:47 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം